# കേരള സർവകലാശാല

നം. പി.ആർ.287/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.ടെക് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക് (2008-സ്കീം) (പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് സപ്ലിമെന്ററി) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി മൂന്നിന് ആരംഭിക്കും. പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 10 (50 രൂപ പിഴയോടെ ജനുവരി 12, 125 രൂപ പിഴയോടെ ജനുവരി 15) വരെ ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അനുശോചന യോഗം

കേരള സർവകലാശാല ഒപ്റ്റോഇലക്ട്രോണിക്സ് പഠന വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായിരുന്ന ഡോ. എസ്.കെ. സുധീർ അനുശോചന യോഗം കേരള സർവകലാശാല സെനറ്റ് ചേംബറിൽ ജനുവരി നാലിന് ഉച്ചയ്ക്ക് മൂന്ന് മണിയ്ക്ക് നടത്തുന്നതാണ്.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല കംമ്പയിൻഡ് ഒന്ന്/രണ്ട് സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി (ജനുവരി 2018)പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 11(50 രൂപ പിഴയോടെ ജനുവരി 15, 125 രൂപ പിഴയോടെ ജനുവരി 17) വരെ ഫീസടച്ച് അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റായി പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം.

കംമ്പയിൻഡ് ഒന്ന്/രണ്ട് സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി (ജനുവരി 2018) പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 10 (50 രൂപ പിഴയോടെ ജനുവരി 12, 125 രൂപ പിഴയോടെ ജനുവരി 15) വരെ ഫീസടച്ച് അപേക്ഷിക്കാം. മേഴ്സി ചാൻസായി പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് കോളേജിലെ അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2015 അഡ്മിഷൻ) (2013 സ്കീം) റഗുലർ (ജനുവരി 2018)പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 10 (50 രൂപ പിഴയോടെ ജനുവരി 12, 125 രൂപ പിഴയോടെ ജനുവരി 16) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സമ്പർക്കക്ലാസ്സ്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ് / ബി.സി.എ 2017 അഡ്മിഷൻ വീക്ക് ഡേ സമ്പർക്കക്ലാസ്സ് തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് ജനുവരി അഞ്ച് വെള്ളിയാഴ്ച്ച മുതൽ കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്. സമയം രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ.

## കമ്മ്യൂണിക്കേറ്റീവ് അറബിക് – സീറ്റൊഴിവ്

ഗൾഫ് രാഷ്ട്രങ്ങളിൽ ജോലിക്ക് സഹായിക്കുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് ഏതാനും സീറ്റുകളുടെ ഒഴിവുണ്ട്. കാര്യവട്ടം അറബിക് വിഭാഗത്തിൽ ഈവനിംഗ് കോഴ്സായാണ് നടത്തപ്പെടുന്നത്. താല്പര്യമുള്ളവർ ജനുവരി ആറിന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പഠന വകുപ്പിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾക്ക് 2308846 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ബി.എസ്സി ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ (കരിയർ റിലേറ്റഡ്) ബി.എസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോ ബയോളജി, ബയോടെക്നോളജി (മൾട്ടി മേജർ) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫെബ്രുവരി ആറ് വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## വി.സി തെരഞ്ഞെടുപ്പ്: ഡോ. വി.കെ രാമചന്ദ്രൻ സെനറ്റ് പ്രതിനിധി

കേരള സർവകലാശാല വൈസ് ചാൻസലർ തിരഞ്ഞെടുപ്പിനുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സെനറ്റിന്റെ പ്രതിനിധിയായി സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ രാമചന്ദ്രൻ 2017 ഡിസംബർ 16 ന് നടന്ന പ്രത്യേക സെനറ്റ് യോഗത്തിൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

തിരുവനന്തപുരം.
03.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098